# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2924.** 18.06.2018-ന് മറുപടിയ്ക്ക്

**കഴക്കൂട്ടം - കാരോട് ബൈപ്പാസ് റോഡ്**

| ചോദ്യം<br>ശ്രീ. എം. വിൻസെന്റ് | | ഉത്തരം<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കഴക്കൂട്ടം - കാരോട് ബൈപ്പാസ് റോഡ് നിർമ്മാണത്തിന് സ്ഥലം ഏറ്റെടുത്ത തീയതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; സ്ഥലം വിട്ടുനൽകിയ ഭൂവുടമകൾക്ക് നഷ്ടപരിഹാരതുക പൂർണ്ണമായും നൽകിയോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ | (എ) | കഴക്കൂട്ടം - കാരോട് ബൈപ്പാസ് റോഡ് നിർമ്മാണത്തിന് എൽ.എ(എൻ.എച്ച്) ആക്റ്റ്, 1956 പ്രകാരമുള്ള 3(എ) നോട്ടിഫിക്കേഷൻ എസ്.ഒ 540(ഇ) 22/03/2012 തീയതിയിലും, 3(ജി) വിജ്ഞാപനം 07/02/2014 തീയതിയിലും പ്രസിദ്ധപ്പെടുത്തി സ്ഥലം പൂർണ്ണമായി ഏറ്റെടുത്ത് നാഷണൽ ഹൈവേ അതോറിറ്റിക്ക് കൈമാറിയിട്ടുള്ളതാണ്. കോടതിയുടെ പരിഗണനയ്ക്ക് അയച്ചിട്ടുള്ള തർക്കം നിലനിൽക്കുന്ന കേസുകളിലും ആവശ്യമായ റിക്കാർഡുകൾ ഹാജരാകാത്ത കേസുകളിലുമാണ് നഷ്ടപരിഹാര തുക നൽകാനുള്ളത്. |
| (ബി) | നഷ്ടപരിഹാരതുക നിശ്ചയിച്ചത് സുതാര്യവും നിയമാനുസൃതവുമായാണോ എന്ന് പരിശോധിക്കുമോ; നഷ്ടപരിഹാരതുക നിശ്ചയിച്ചതിൽ അപാകതകൾ ഉള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ബി) | സുതാര്യവും നിയമാനുസൃതവുമായിത്തന്നെയാണ് നഷ്ടപരിഹാര തുക നിശ്ചയിച്ച് നൽകിയിട്ടുള്ളത്. |
| (സി) | നഷ്ടപരിഹാര തുക നൽകിയപ്പോൾ കുറച്ച് പേർക്ക് 15% ഉയർത്തിയും മറ്റുള്ളവർക്ക് 50% ഉയർത്തിയും നൽകിയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഒരേ ആവശ്യത്തിന് സ്ഥലമേറ്റെടുത്തപ്പോൾ ഒരേ തരത്തിലുള്ള നഷ്ടപരിഹാര തുക നൽകേണ്ടതായതിനാൽ അപാകതകൾ പരിഹരിയ്ക്കുവാൻ നടപടി സ്വീകരിയ്ക്കുമോ; എന്നേയ്ക്ക് ഇതിന്റെ നടപടി പൂർത്തിയാക്കും; വ്യക്തമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴക്കൂട്ടം - കാരോട് ബൈപ്പാസ് എൽ.എ ആർബിട്രേഷനുമായി ബന്ധപ്പെട്ട ആദ്യത്തെ 164 കേസുകളിൽ, ഭൂമിവിലയുടെ 15% വർദ്ധനവ് അനുവദിച്ച് മുൻ ആർബിട്രേറ്റർ & ജില്ലാ കളക്ടർ വിധി പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ തുടർന്നുള്ള കേസുകളിൽ, നിലവിലെ ആർബിട്രേറ്റർ & ജില്ലാ കളക്ടർ ആയത് 50% ആയി വർദ്ധിപ്പിച്ച് നൽകുകയാണുണ്ടായത്. ആർബിട്രേഷൻ അവാർഡിൽ മേൽ പരാതിയുള്ള പക്ഷം, അപേക്ഷാ കക്ഷിക്ക് ആർബിട്രേഷൻ കൺസിലിയേഷൻ ആക്റ്റ്, 1996 സെക്ഷൻ 34 പ്രകാരം പ്രിൻസിപ്പൽ സിവിൽ കോടതിയെ സമീപിക്കാവുന്നതാണ്. |
| (ഡി) | പ്രശ്നത്തിന് പരിഹാരം കാണാൻ തിരുവനന്തപുരം കളക്ടറേറ്റുമായി ബന്ധപ്പെട്ട് ഏജന്റുമാർ പണപ്പിരിവ് നടത്തുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതേക്കുറിച്ച് അന്വേഷിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ